# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1955 — 08/12/2014 ൽ മറുപടിക്ക്

## മത്സ്യഫെഡിലെ പി.എസ്.സി. നിയമനം

**ചോദ്യം** — **മറുപടി**

ശ്രീ. കെ. രാധാകൃഷ്ണൻ — ശ്രീ. ഉമ്മൻചാണ്ടി (ബഹു. മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| (എ) | മത്സ്യഫെഡിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി. എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയച്ചുവെന്നും എന്നാണ് അയച്ചതെന്നും പറയാമോ; | (എ) | മത്സ്യഫെഡിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി. 24 ഉദ്യോഗാർത്ഥികൾക്ക് 16/09/2014 ൽ അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ പട്ടികജാതി, പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ എത്ര പേരുണ്ടെന്ന് പറയാമോ; | (ബി) | ടി ലിസ്റ്റിൽ രണ്ട് പട്ടികജാതി ഉദ്യോഗാർത്ഥികൾ ഉണ്ട്. പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ ആരും തന്നെയില്ല. |
| (സി) | അഡ്വൈസ് മെമ്മോ അയച്ചിട്ടും മത്സ്യഫെഡിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് അയയ്ക്കുവാനുണ്ടായ കാലതാമസത്തിനുള്ള കാരണങ്ങൾ പറയാമോ; | | (സി) യും (ഡി) യും<br><br>അഡ്വൈസ് മെമ്മോ പ്രകാരം നിയമന ഉത്തരവ് നൽകുന്നതിന് 3 മാസക്കാലം സമയമനുവദിച്ചിട്ടുണ്ട്. ആയതിനാൽ കാലതാമസം നേരിട്ടതായി കാണുന്നില്ല. |
| (ഡി) | വിശദമായ പരിശോധനകൾക്കുശേഷം സർക്കാർ ഉത്തരവിനെത്തുടർന്ന് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും മത്സ്യഫെഡിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് അഡ്വൈസ് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് കാലതാമസം ഒഴിവാക്കി നിയമന ഉത്തരവ് നൽകുവാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ